# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6515 09.07.2014 ൽ മറുപടിക്ക്**

## റെയിൽവേയുടെ അവഗണന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ:<br>,, പി. ശ്രീരാമകൃഷ്ണൻ:<br>,, എസ്. ശർമ്മ:<br>,, സി. കൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) | റെയിൽവേ വൻതോതിൽ യാത്രാ-ചരക്കുകൂലികൾ വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ നിരക്ക് വർദ്ധന നിത്യോപയോഗ സാധനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു ഉപഭോഗ സംസ്ഥാനമായ കേരളത്തിൽ എല്ലാ അവശ്യസാധനങ്ങളുടെ വിലവർദ്ധനക്കും ക്ഷാമത്തിനും കാരണമാകുമെന്നും അന്യസംസ്ഥാനങ്ങളിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി പോയിവരുന്ന നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് ഇത് വലിയ തിരിച്ചടിയുമാകുമെന്നും കാണുന്നു. |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും പണം കണ്ടെത്തലാണ് ചാർജുവർദ്ധനയ്ക്കുള്ള കാരണമായി പറയുമ്പോഴും നാളിതുവരെയുള്ള വർദ്ധനവിലൂടെ സംസ്ഥാനത്ത് അവശ്യം വേണ്ടുന്ന സൗകര്യങ്ങളൊന്നും റെയിൽവേ ഏർപ്പെടുത്തുകയുണ്ടായില്ല എന്നകാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | നിരക്ക് വർദ്ധനവിലൂടെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന റെയിൽവേ സംസ്ഥാനത്ത് മുൻബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾപോലും നടപ്പിലാക്കാതെ സംസ്ഥാനത്തോട് അവഗണന കാട്ടുകയാണെന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ പദ്ധതികൾ സാധാരണ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അവ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്താത്തതിനാൽ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നുണ്ട്. റെയിൽവേ ബോർഡ് അംഗീകരിച്ച പദ്ധതികൾ, ഗേജ് മാറ്റം, പാത ഇരട്ടിപ്പിക്കൽ, അവയോട് ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കാറില്ല എന്ന് കണ്ടതിനാൽ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കൃത്യമായ ഫണ്ട് ലഭ്യത ഉറപ്പാക്കണമെന്നും ഫണ്ട് വകമാറ്റുന്ന പ്രവണത നിരുൽസാഹപ്പെടുത്തണമെന്നും സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട്കൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നവംബർ 2013 ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ<br>പാലക്കാട് കോച്ച് ഫാക്ടറി പദ്ധതി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി പദ്ധതി, പെനിൻസുലാർ റയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക്ക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, സബർബൻ റെയിൽ പദ്ധതി എന്നിവ 2014-15 ൽ തന്നെ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും സംബന്ധിച്ചും ടി മെമ്മോറാണ്ടത്തിൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി കാര്യങ്ങൾ 30.05.2014 ലെ ബഹു. മുഖ്യമന്ത്രിയുടെ കത്തുകൾ വഴി പുതിയ പ്രധാന മന്ത്രിയേയും റെയിൽവേ മന്ത്രിയേയും അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ